⇨ ഭയാനകമായ ഒരു ഘട്ടത്തിലേക്കാണ് മനുഷ്യൻ നീങ്ങിക്കൊണ്ടിരിക്കുന്നത് ⇨

# ആധാർ: ദേശസുരക്ഷയുടെ പേരിൽ ചാരക്കണ്ണുകൾ വേട്ടക്കിറങ്ങുന്നു

ഒരു ഇടവേളക്ക് ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ ആധാർ എന്ന 12 അംഗ 'തിരിച്ചറിയൽ രേഖ'യെ ക്കുറിച്ചുള്ള ചർച്ചകൾ സജീവമായിരിക്കുകയാണ്. സിവിൽ സമൂഹവും, മനുഷ്യാവകാശ സംഘടന കളും, നിയമവിദഗ്ധരും ആശങ്കകൾ അറിയിച്ച തിനെ തുടർന്ന് ഒരിക്കൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി പൂർണ്ണമായി നിരാകരിച്ചുകൊണ്ട് ലോകസഭയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ഒരു ദശകത്തിനിപ്പുറം ആധാർ നിയമമാ യിരിക്കുകയാണ്. പൗരനിരീക്ഷണം ലക്ഷ്യമാക്കുന്ന ഈ പദ്ധതി എന്തുകൊണ്ട് എതിർക്കപ്പെടണം? വിശദമാക്കുന്നു...

**ഷിയാസ് റസാഖ്**

**വിവരസാങ്കേതിക** മേഖലയിൽ ഉണ്ടായ കുതിച്ചുചാട്ടം ഏറ്റവും വിദഗ്ദ്ധമായി ഉപയോഗിച്ചുകൊണ്ടിരുന്നത് ലോക ഭരണകൂടങ്ങൾ ആണ്. സുതാര്യത-വേഗത-പ്രവർത്തന മികവ് തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തി ഭരണനിർവ്വണ മേഖലയെ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുവാനുള്ള കഠിന പ്രവർത്തനത്തിലാണ് ലോക രാജ്യങ്ങൾ. ഇന്ത്യയിലെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. ഡിജിറ്റലൈസേഷൻ എന്നത് സമാന്തരമായ ഒരു ഭരണകൂട നിർമ്മിതികൂടെയാണ്. അങ്ങിനെ ആകുമ്പോൾ അവിടെ പൗരന്റെ അദൃശ്യമായ സ്വത്വത്തെക്കൂടി (Virtual Identity) നിർമ്മിച്ചെടുക്കേണ്ടതുണ്ട്. ആ സ്വത്വം പൂർണ്ണമായും യഥാർത്ഥ ഉടമസ്ഥന്റെ നിയന്ത്രണത്തിലല്ലാതിരിക്കുകയും പുറമേനിന്നുള്ള ഒരു വലിയ ശക്തി അതിനെ നിയന്ത്രിക്കുകയും ചെയ്യുന്ന വളരെ ഭയാനകമായ ഒരു ഘട്ടത്തിലേക്കാണ് മനുഷ്യൻ നീങ്ങിക്കൊണ്ടിരിക്കുന്നത്. ലോകം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്ന പക്ഷം വ്യക്തിയുടെ ഭൗതികശരീരത്തിന്റെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യുന്ന രീതിയിലേക്ക് സാഹചര്യങ്ങൾ എത്തിച്ചേർന്നേക്കാം.

ഒരു ഇടവേളക്ക് ശേഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ ആധാർ എന്ന 12 അംഗ 'തിരിച്ചറിയൽ രേഖ' യെ കുറിച്ച് ഉള്ള ചർച്ചകൾ സജീവമായിരിക്കുകയാണ്. 2006 കാലഘട്ടത്തിൽ ഒന്നാം യു.പി.എ സർക്കാർ ഇത്തരത്തിൽ വ്യക്തിവിവരങ്ങളെ അടിസ്ഥാനപ്പോടുത്തിയുള്ള വിവരശേഖരണത്തെകുറിച്ച് പ്രഖ്യാപിച്ചപ്പോൾ തന്നെ സിവിൽ സമൂഹവും, മനുഷ്യാവകാശ സംഘടകളും നിയമവിദഗ്ധരും തങ്ങളുടെ ആശങ്കകൾ അറിയിച്ചതായിരുന്നു. അതിന്റെ തുടർച്ചയെന്നോണമാണ് യശ്വന്ത് സിൻഹ ചെയർമാനായ പാർലമെന്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി UID (Unique Identity) പദ്ധതിയെ പൂർണ്ണമായി നിരാകരിച്ചുകൊണ്ട് ലോകസഭയിൽ റിപ്പോർട്ട് സമർപ്പിച്ചത്. എന്നാൽ ഒരു ദശകത്തിനിപ്പുറം ആധാർ എന്നത് ഇന്ത്യയിൽ നിയമമായിരിക്കുന്നു. Aadhar (Target Delivery of financial and other Subsidies, Benefits and Services) Act 2016 എന്ന പേരിൽ ലോകസഭയിൽ ധനബില്ലായാണ് ധനകാര്യമന്ത്രി അരുൺ ജെയ്റ്റിലി ബില്ല് അവതരിപ്പിച്ചത്. 2016 മാർച്ച് 25 ന് പ്രസിഡണ്ട് അനുമതി നൽകിയ

## AADHAR: Imprisoning Your Identity and Rights




തോടെ ബില്ലിനു പൂർണ്ണമായ നിയമസാധുത ലഭിച്ചു.

### എന്താണ് ബയോമെട്രിക്?

ബയോമെട്രിക് എന്നത് വിവിധ രീതിയിലുള്ളതാവാം. ഒരു വ്യക്തിയുടെ ജൈവികമായ വ്യത്യസ്ത സ്വഭാവസവിശേഷതകളുടെ വിവരങ്ങൾ കംപ്യൂട്ടറുകൾക്ക് മനസ്സിലാകുന്ന മെഷീനറി ലാംഗേജിലേക്ക് മാറ്റുകയാണ് പ്രധാന പ്രവർത്തനം. ഓരോ വ്യക്തിയുടെയും ജൈവിക സവിശേഷതകൾ വ്യത്യസ്തമായിരിക്കും. വ്യക്തിയുടെ കണ്ണിന്റെ ഘടന (Iris Structure), വിരലടയാളം (Finger Print), ഡിഎൻഎ (DNA) സാമ്പിൾ മുഖത്തിന്റെ ഘടന (Face Structure) തുടങ്ങിയവയാണ് ബയോമെട്രിക് വിവരശേഖരണത്തിനായി ആദ്യഘട്ടങ്ങളിൽ ഉപയോഗിക്കുന്നത്. ഉയർന്ന തലങ്ങളിൽ വ്യക്തിയുടെ സ്വഭാവവിശേഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവര ശേഖരണമായിരിക്കും നടത്തുക. ഉദാഹരണത്തിന് ശബ്ദവിന്യാസം (Voice Modulation), നടക്കുന്ന രീതി (Gait), ഒപ്പിന്റെ രീതി (Signature Style) തുടങ്ങിയവ. ശേഖരിച്ചിരിക്കുന്ന വിവരങ്ങൾ ഉയർന്ന പ്രവർത്തന ക്ഷമതയുള്ള കംപ്യൂട്ടറുകളിൽ (Data Base) വ്യത്യസ്ത റ്റെംപ്ളേറ്റുകളായാണ് ശേഖരിച്ച് വെക്കുന്നത്. ബയോമെട്രിക് വിവരശേഖരണത്തിന്റെ ഘട്ടത്തിൽ മനുഷ്യാവകാശ പ്രവർത്തകരും മറ്റ് സാങ്കേതിക വിദഗ്ധരും ഏറ്റവും കൂടുതൽ ചോദ്യങ്ങൾ ഉന്നയിക്കുന്നത് ഡാറ്റാ ബേസുകളുടെ സുരക്ഷയെക്കുറിച്ചാണ്. ഇന്ത്യൻ സാഹചര്യത്തിൽ വ്യക്തികളുടെ ആധാർ വിവരങ്ങൾ CIDR (Central Identity Repository) എന്ന കേന്ദ്രീകൃത കംപ്യൂട്ടറിലാണ് ശേഖരിച്ചുവെച്ചിരിക്കുന്നത്. ആധാർ വിവരങ്ങൾ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടിയാണ് എൻക്രിപ്റ്റ് ചെയ്യപ്പെടുന്നതെങ്കിലും, എൻക്രിപ്റ്റ് ചെയ്യപ്പെട്ട ഈ ഡാറ്റ ഡിക്രിപ്റ്റ് ചെയ്യാൻ ആവശ്യമായ അൽഗോരിതമിക് പ്രോഗ്രാമും CIDR സർവ്വറിൽ തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത് ആധാർ വിവരങ്ങളുടെ സുരക്ഷയെക്കുറിച്ച് ആശങ്ക ഉയർത്തുന്നതാണെന്നാണ് ഈ മേഖലയിലെ വിദഗ്ധർ പറയുന്നത്. ലോകത്തിലെ ഏറ്റവും വലിയ ബയോമെട്രിക് ഡാറ്റാ വിവരശേഖരണമാണ് ആധാർ പദ്ധതി. നിലവിലെ ആധാർ പദ്ധതി പൂർണ്ണമാവുകയാണെങ്കിൽ ഫെയ്സ്ബുക്ക് വിവരങ്ങളുടെ പത്തിരട്ടി വലുപ്പമുള്ളതായിരിക്കും ആധാർ വിവരം.

### നിരീക്ഷണ പദ്ധതികളുടെ ചരിത്രം

ആധാർ പദ്ധതിയുടെ ചരിത്രം പരിശോധിക്കുന്നതിന് മുന്നോടിയായി IMF( International Monitary Fund) ന്റെ നിരീക്ഷണ (Surveillance) പദ്ധതികളെകൂടി അന്വേഷിക്കേണ്ടതുണ്ട്. നിരീക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട IMF ന്റെ ഔദ്യോഗിക രേഖകൾ പറയുന്നത് "ആധുനിക കാലഘട്ടത്തിൽ നിരീക്ഷണമെന്നത് IMF ന്റെ പ്രവർത്തനങ്ങളുടെ കേന്ദ്ര ബിംബവും അതോടൊപ്പം പ്രധാന ഉത്തരവാദിത്തവുമാണ്. ഈ പദ്ധതി എളുപ്പത്തിൽ ഗ്രഹിക്കാവുന്ന ആശയമല്ല". ഇപ്രകാരം IMF ന്റെ രേഖകൾ തന്നെ നിരീക്ഷണത്തിന്റെ തീവ്രത നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. 1974 ലാണ് surveillance എന്ന പദം IMF ഔദ്യോഗികമായി ഉപയോഗിച്ചുതുടങ്ങുന്നത്. എന്നാൽ പദ്ധതികളാവിഷ്ക്കരിക്കാൻ പിന്നെയും സമയമെടുത്തു. പിന്നീട് ഒരു ദശാബ്ദക്കാലത്തെ നിരീക്ഷണങ്ങൾക്കും ചർച്ചകൾക്കുമൊടുവിലാണ് കൃത്യമായ പദ്ധതി IMF ആവിഷ്ക്കരിച്ചത്. ഇന്ന് ലോകത്തുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ തികച്ചും ജനാധിപത്യ വിരുദ്ധമായ ഒന്നാണ് IMF എന്ന ലോക നാണയനിധി എന്നതിൽ ആർക്കും തന്നെ തർക്കമുണ്ടാകില്ല. നിരീക്ഷണം (surveillance) എന്നതിന്റെ അർത്ഥം തങ്ങളുടെ ഉദ്യോഗസ്ഥരോട് തന്നെ തിരക്കിയാൽ കൃത്യമായ ഉത്തരം ലഭിക്കില്ല

എന്ന് IMF തങ്ങളുടെ രേഖകളിൽ പറയുന്നത്. പ്രശസ്ത സാമ്പത്തിക വിദഗ്ധനും കങഎ ചരിത്രകാരനുമായ James M. Boughton അദ്ദേഹത്തിന്റെ 'Silent Revolution : The International Monitory Fund 1979-1989' എന്ന കൃതിയിൽ IMF ന്റെ നിരീക്ഷണ പദ്ധതികളെക്കുറിച്ച് 'On the map: Making Survaillance Work' എന്ന അദ്ധ്യായത്തിൽ പറയുന്നതിങ്ങനെയാണ്. "ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ലോകരാജ്യങ്ങൾ പ്രതിരോധത്തിനെന്നപോലെ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ തുക നിരീക്ഷണ സംവിധാനങ്ങൾക്കായി മാറ്റിവെക്കേണ്ടതുണ്ട്." IMF നിരീക്ഷണ സംവിധാനങ്ങൾക്ക് നൽകുന്ന പ്രാമുഖ്യം ഇതിൽ നിന്ന് വ്യക്തമാണ്. ഓരോവർഷവും വിവരസാങ്കേതികവിദ്യയിലെ ബഹുരാഷ്ട്ര കുത്തകകൾ കോടികളാണ് ബയോമെട്രിക് രേഖകളുടെ ശേഖരത്തിനുവേണ്ടിയുള്ള ശാസ്ത്രസാങ്കേതിക വിദ്യകളുടെ ഗവേഷണത്തിനുവേണ്ടി ചിലവഴിച്ചുകൊണ്ടിരിക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ അമരക്കാരായ അമേരിക്കൻ കുത്തകഭീമന്മാർ അമേരിക്കയുടെ രാഷ്ട്രീയ -നയതന്ത്ര ഇടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ 2013 ലാണ് നാഷണൽ സെക്യൂരിറ്റി ഏജൻസി (NSA)യിലെ ഉദ്യോഗസ്ഥനായ എഡ്വേർഡ് സ്നോഡൻ ലോകസമൂഹത്തിനുമുന്നിൽ കൊണ്ടുവരുന്നത്. ലോകരാജ്യങ്ങളിലെയും അമേരിക്കയിലേയും പൗരന്മാരുടെയും രാഷ്ട്രത്തലവൻമാരുടെയും വ്യക്തിസംഭാഷണങ്ങളും വ്യക്തിവിവരങ്ങളും PRISM എന്ന പദ്ധതിയിലൂടെ അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസികൾ ചോർത്തിക്കൊണ്ടിരിക്കുന്നുവെന്ന വിവരം ഞെട്ടലോടെയാണ് ലോകം ശ്രവിച്ചത്. അതിനുശേഷം പല രാജ്യങ്ങളും തങ്ങളുടെ നയതന്ത്ര സംഭാഷണങ്ങൾ പഴയ പേപ്പർ രൂപത്തിലേക്ക് മാറ്റുകയുണ്ടായി.

വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം ദേശസുരക്ഷ എന്ന പേരിൽ വിവിധ യൂറോപ്യൻ, ഏഷ്യൻ, അമേരിക്കൻ രാജ്യങ്ങളും തങ്ങളുടെ പൗരന്മാരുടെ വ്യക്തിപരവും ജൈവപരവുമായ വിവരങ്ങൾ ശേഖരിക്കുന്ന വിവിധ പദ്ധതികൾ ആരംഭിക്കുകയുണ്ടായി. വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയെയും അനധികൃത കുടിയേറ്റങ്ങളെയും തടയുക എന്നതായിരുന്നു എല്ലാ രാജ്യങ്ങളും പ്രധാനമായും മുന്നോട്ടുവെച്ച വാദം. മൂന്നാം ലോക രാജ്യങ്ങളിൽ മേൽപറഞ്ഞ വാദത്തിനോടൊപ്പം സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിലേക്ക് സർക്കാർ ക്ഷേമപദ്ധതികൾ എത്തിക്കുന്നതിനുവേണ്ടി എന്നുള്ള പ്രചരണവും അധികൃതർ ഒപ്പം ചേർത്തു.

### ആധാറിന്റെ ചരിത്രവഴികളിലൂടെ

2009–10 ധനകാര്യ ബഡ്ജറ്റിലാണ് നിലവിൽ ഇന്ത്യൻ പ്രസിഡണ്ടായ പ്രണബ് മുഖർജി UIDAI (Unique Identification Authority of India) യുമായി ബന്ധപ്പെട്ട പ്രഖ്യാപനം നടത്തുന്നത്. ഇതിനുമുൻപ് 2006 മാർച്ച്മാസം 3-ാം തിയ്യതി വിവരസാങ്കേതിക മന്ത്രാലയം ആദ്യമായി UID എന്ന ആശയം ആദ്യമായി സർക്കാരിനുമുമ്പാകെ സമർപ്പിച്ചിരുന്നു. 2008 നവംബർ 4 ന് ചേർന്ന EGoM (Empowered Group of Ministers) യോഗത്തിൽ UIDAI യെ എക്സിക്യൂട്ടീവ് അതോറിറ്റിയാക്കിക്കൊണ്ടുള്ള വിജ്ഞാപനം നടന്നു. അടുത്ത അഞ്ച് വർഷക്കാലത്തേക്ക് ആസൂത്രണ കമ്മീഷന് കീഴിലായിരിക്കും UIDAI യുടെ പ്രവർത്തനം എന്നുകൂടെ ധാരണയായി. തുടർന്ന് 2009 ജൂലൈ 2 ന് ഇൻഫോസിസ് മേധാവി ആയിരുന്ന നന്ദൻ നിലേഗനിയെ UIDAI യുടെ ചെയർമാനാക്കിക്കൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങിയിരുന്നു. ഒരു സ്വകാര്യസ്ഥാപനത്തിന്റെ നടത്തിപ്പുകാരനായ വ്യക്തിയെ രാജ്യത്തിന്റെ തന്ത്രപ്രധാനമായ ഒരു പദ്ധതിയുടെ തലവനാക്കിയതിൽ അന്നുമുതൽക്കേ തന്നെ വിവിധ കോണുകളിൽ നിന്ന് ഗുരുതരമായ ആക്ഷേപങ്ങൾ ഉയർന്നിരുന്നു. എന്നാൽ അവയൊന്നും മുഖവിലയ്ക്കെടുക്കാതെ പദ്ധതിയുമായി മുന്നോട്ട് പോകുകയായിരുന്നു കേന്ദ്രസർക്കാർ. National Identification Authority of India Bill - 2010 എന്ന പേരിലാണ് UIDAI ബിൽ 2010 ഡിസംബർ 3 ന് രാജ്യസഭക്ക് മുമ്പാകെ സമർപ്പിക്കുന്നത്. എന്നാൽ പ്രസ്തുത ബിൽ കൂടുതൽ പഠനങ്ങൾക്കും ചർച്ചകൾക്കും വേണ്ടി സ്പീക്കർ ഡിസംബർ 10 ന് യശ്വന്ത് സിൻഹ അധ്യക്ഷനായിട്ടുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിയുടെ പരിഗണനയ്ക്കായി അയച്ചു. തുടക്കത്തിൽ അപകടകരമല്ല എന്നുകരുതിയ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ടുള്ളതായിരുന്നു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്. റിപ്പോർട്ടിന്റെ ആമുഖത്തിൽ തന്നെ (para -2 , Part -1, Page 7) കമ്മിറ്റി UIDAI യുമായി ബന്ധപ്പെട്ട ആശങ്കകൾ അക്കമിട്ട് രേഖപ്പെടുത്തുന്നുണ്ട്. ആദ്യമായി ശേഖരിക്കുന്ന വ്യക്തിവിവരങ്ങളുടെ സുരക്ഷയെയാണ് കമ്മിറ്റി ചോദ്യം ചെയ്യുന്നത്. അതോടൊപ്പം CIDR (Central Identities Data

Repository) ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട Accessing Authority യെ കുറിച്ചുള്ള സംശയവും പ്രധാനമായി റിപ്പോർട്ട് മുന്നോട്ട് വെച്ചിരുന്നു. Unique Identification പദ്ധതിയുടെ അന്താരാഷ്ട്ര സ്വീകാര്യതയെ കുറിച്ച് പഠിച്ച കമ്മിറ്റി യുണൈറ്റഡ് കിംഗ്ഡം തങ്ങളുടെ Identity Card Act 2006 സുരക്ഷാകാരണങ്ങളാൽ പിൻവലിച്ചതായി ചൂണ്ടിക്കാണിക്കുന്നുണ്ട്. അമിതമായ പദ്ധതി ചിലവ്, വിശ്വാസയോഗ്യമല്ലാത്തതും സുതാര്യമല്ലാത്തതുമായ ഉപകരണങ്ങളുടെ ഉപയോഗം, ഭരണകൂടവും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ നിലനിൽപ്പ് തുടങ്ങിയവ ആയിരുന്നു Identity Card Act 2006, യു.കെ പിൻവലിക്കാനുണ്ടായ പ്രധാന കാരണങ്ങൾ. യു.കെ ഐഡന്റിറ്റി കാർഡ് പദ്ധതി ആധാർ പദ്ധതിയുമായി തികച്ചും വ്യത്യസ്തമായിരുന്നു.

ആധാർ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യമായി കേന്ദ്രസർക്കാർ പറയുന്നത് സർക്കാർ ക്ഷേമപദ്ധതികൾ കൃത്യമായി ഇടനിലക്കാരനില്ലാതെ പൗരനിലേക്ക് എത്തിക്കുക ഒപ്പം അനർഹരായവരെ ഒഴിവാക്കുക എന്നുള്ളതാണല്ലോ. അങ്ങിനെയെങ്കിൽ നിലവിലുള്ള സംവിധാനങ്ങളുടെ പുനഃക്രമീകരണം നടത്താതെ ആധാർ നമ്പർ നൽകുന്നതിലൂടെ എങ്ങനെയാണ് അനർഹരാവരെ വേർതിരിക്കാൻ സാധിക്കുക?

1. യു.കെയിൽ പൗരന്മാരുടെ ബയോമെട്രിക് വിവരങ്ങൾ നൽകുന്ന കാർഡിൽ ബന്ധിപ്പിച്ചിട്ടുള്ള IC ചിപ്പിനുള്ളിൽ തന്നെയാണ് ശേഖരിച്ചുവെക്കുന്നത്. എന്നാൽ ആധാർ പദ്ധതിപ്രകാരം കേന്ദ്രീകൃത കംപ്യൂട്ടറിനുള്ളിലാണ് (CIDR) പ്രസ്തുത വിവരങ്ങളുടെ ശേഖരണം നടത്തുന്നത്. രണ്ടു പദ്ധതികളിലും വിവരങ്ങളുടെ മോഷണത്തിനുള്ള സാധ്യതയുണ്ട്. യു.കെയിൽ അവലംബിച്ച പദ്ധതി പ്രകാരമാണെങ്കിൽ വ്യക്തികേന്ദ്രീകൃതമായ രീതിയിലായിരിക്കും മോഷണത്തിനു സാധ്യത. എന്നാൽ CIDR പദ്ധതി പ്രകാരം ഉയർന്ന തോതിലുള്ള വിവരനഷ്ടമായിരിക്കും സംഭവിക്കുക.


2. യു.കെ പദ്ധതി പ്രകാരം രാജ്യത്തെ പൗരന്മാർക്ക് ബയോമെട്രിക് ഐ.ഡി കാർഡ് നിർബന്ധമായിരുന്നു. എന്നാൽ ഇന്ത്യയിൽ ആധാർ കാർഡ് നിർബന്ധമല്ല എന്നാണ് കമ്മിറ്റി രേഖപ്പെടുത്തിയിരുന്നത്. ഇതിന് വിപരീതമായി ആധാർ ബില്ലിന്റെ പ്രഖ്യാപനത്തിനുശേഷം വിവിധ പദ്ധതികൾക്ക് ആധാർ കാർഡ് നിർബന്ധമാക്കിക്കൊണ്ടുള്ള വിജ്ഞാപനങ്ങൾ വ്യത്യസ്ത മന്ത്രാലയങ്ങൾ തുടരെ പുറപ്പെടുവിക്കുകയാണ്.

3. യു.കെയിൽ നടന്ന നിയമനിർമ്മാണം രാജ്യസുരക്ഷയുമായി ബന്ധപ്പെട്ടുക്കൊണ്ടുള്ളതാണ്. എന്നാൽ UID പദ്ധതി വിവിധ സർക്കാർ ക്ഷേമ പദ്ധതികളുടെ വിതരണത്തിനുവേണ്ടിയുള്ളതാണ് എന്നാണ് കമ്മിറ്റി പറയുന്നത്. എന്നാൽ ഈ നിരീക്ഷണവും അസാധുവാക്കിക്കൊണ്ടാണ് അഭ്യന്തര വകുപ്പ് അടക്കമുള്ള കേന്ദ്രമന്ത്രാലയങ്ങളുടെ നിലപാട്. ഏറ്റവുമൊടുവിൽ സുരക്ഷാകാരണങ്ങൾ ചൂണ്ടിക്കാട്ടി തടവുകാരെ സന്ദർശിക്കുന്നവർക്ക് ആധാർകാർഡ് നിർബന്ധമാക്കിക്കൊണ്ടുള്ള സർക്കുലർ കേന്ദ്ര ആഭ്യന്തരമന്ത്രാലയം രാജ്യത്തെ മുഴുവൻ ജയിൽ മേധാവികൾക്കും കൊടുത്തിരുന്നു (2017 ഫെബ്രുവരി 17).

### വ്യക്തിനിർണ്ണയവും അർഹതയും

ആധാർ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യമായി കേന്ദ്രസർക്കാർ പറയുന്നത് സർക്കാർ ക്ഷേമപദ്ധതികൾ കൃത്യമായി ഇടനിലക്കാരനില്ലാതെ പൗരനിലേക്ക് എത്തിക്കുക ഒപ്പം അനർഹരായവരെ ഒഴിവാക്കുക എന്നുള്ളതാണല്ലോ. അങ്ങിനെയെങ്കിൽ നിലവിലുള്ള സംവിധാനങ്ങളുടെ പുനഃക്രമീകരണം നടത്താതെ ആധാർ നമ്പർ നൽകുന്നതിലൂടെ എങ്ങനെയാണ് അനർഹരാവരെ വേർതിരിക്കാൻ സാധിക്കുക? പാവപ്പെട്ട പൗരന്മാരുടെ സാമൂഹ്യസുരക്ഷയായിരുന്നു ലക്ഷ്യമെങ്കിൽ രാജ്യത്തെ 1.2 ബില്യൻ വരുന്ന പൗരന്മാരുടെ വ്യക്തിവിവരങ്ങൾ ശേഖരിക്കുന്നത് എന്തിനാണ്. നിലവിൽ രാജ്യത്ത് 70 ശതമാനത്തിലധികം ജനങ്ങൾ തൊഴിലെടുക്കുന്നത് പ്രാഥമിക മേഖലയിലാണ്. ആയതിനാൽ ഈ മേഖലയിൽ തൊഴിലെടുക്കുന്ന വ്യക്തികളുടെ വിരലടയാളങ്ങളുടെ ഘടനയിൽ മാറ്റം സംഭവിക്കാൻ സാധ്യതയുണ്ട്. അങ്ങിനെ വരികയാണെങ്കിൽ ആധാർ authentication വേളയിൽ ഭൂരിഭാഗം പേരും പുറന്തള്ളപ്പെടാൻ സാധ്യതയേറെയാണ്. UIDAI പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ക്ഷേമപദ്ധതികളുടെ വിതരണത്തിലുള്ള പ്രശ്നങ്ങൾക്കുകാരണം അർഹത (Eligibility) യുമായി ബന്ധപ്പെട്ട സൂചികകളാണ്, അല്ലാതെ വ്യക്തിനിർണ്ണയമല്ല (Identification) എന്ന് കമ്മിറ്റി

⇨ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് മുൻമന്ത്രി ജയറാം രമേഷ് സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചു ⇨




രേഖപ്പെടുത്തുന്നുണ്ട് (Identity and Eligibility - page 17).

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബില്ലിനെക്കുറിച്ചുള്ള വിശദീകരണ വേളയിൽ ഫെബ്രുവരി 11, 2017 ആധാർ നമ്പറും എൻ.പി.ആർ (National Population Register -NPR) ഡാറ്റയും തമ്മിലുള്ള സംയോജനത്തെ കുറിച്ചുള്ള ആശങ്കകൾ പങ്കുവെച്ചിരുന്നു. NPR പദ്ധതി രാജ്യത്തെ മുഴുവൻ പൗരന്മാരെയും കുറിച്ചുള്ള ഔദ്യോഗിക വിവരണ ശേഖരണമാണ്. Citizenship (Registration of citizens and issue of National Identity Cards) Rule, 2003 Citizenship act 1965 പ്രകാരം രാജ്യത്തെ എല്ലാ പൗരന്മാരും നിർബന്ധമായും NPR നുവേണ്ടി വിവരങ്ങൾ നൽകിയിരിക്കുണം. അല്ലാത്തപക്ഷം 17-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാവിധികൾ നേരിടേണ്ടിവരുന്നതായിരിക്കും. ചുരുക്കി പറഞ്ഞാൽ ആധാർ നമ്പർ- NPR ഡയറക്ടറിയുമായി ചേർക്കുന്ന പക്ഷം ആധാർ നമ്പർ രാജ്യത്തെ എല്ലാ പൗരന്മാർക്കും നിർബന്ധമായിരിക്കും. 2015 വരെയുള്ള കണക്കനുസരിച്ച് രാജ്യത്ത് 50 കോടി പൗരന്മാരുടെ NPR വിവരങ്ങൾ ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ആധാറുമായി ബന്ധപ്പെട്ട സുപ്രീം കോടതിയുടെ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ NPR -Aadhar seeding, RGI (Registrar General of India) താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. NPR - Aadhar seeding എന്ന വസ്തുത മറച്ചുപിടിച്ചുകൊണ്ടാണ് ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്‌ലി ആധാർ പ്രൊജക്ടിനുവേണ്ടി വാദിച്ചിരുന്നത്. ഇവിടെ കൗതുകകരമായ വസ്തുത ആധാർ പദ്ധതിക്കെതിരെ യു.പി.എ ഭരണകാലത്ത് ശക്തമായി വിമർശനം ഉന്നയിക്കുകയും വ്യക്തിയുടെ സ്വകാര്യതയെകുറിച്ച് ആശങ്കാകുലനുമായിരുന്ന അരുൺ ജെയ്റ്റ്‌ലി Aadhaar (Targeted delivery of Financial and other subsidies, Benefits and Services) Bill -2016 ധനബില്ലായി അവതരിപ്പിച്ചുവെന്നുള്ളതാണ്. രാജ്യസഭയിലെ പ്രതിപക്ഷത്തിന്റെ ഭൂരിപക്ഷത്തെ മറികടക്കുന്നതിനുവേണ്ടിയായിരുന്നു ജെയ്റ്റ്‌ലി ഭരണഘടനയുടെ 110-ാം അനുഛേദത്തിന്റെ മറവിലൂടെ ബിൽ പാസ്സാക്കി എടുത്തത്.

### ആധാർ ബിൽ Vs ധനബിൽ

സാധാരണ ബില്ലായി ലോകസഭയിൽ അവതരിപ്പിക്കുകയാണെങ്കിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ വിദഗ്ധമായി ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്‌ലി പ്രത്യേക ഭരണഘടന സാധുത ഉപയോഗിച്ച് ആധാർ ബിൽ ധനബില്ലായി അവതരിപ്പിച്ചത്. 2016 ഏപ്രിൽ 6-ാം തിയ്യതി ആധാർ ആക്ടിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് മുൻമന്ത്രി ജയറാം രമേഷ് സുപ്രീം കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. മുൻ ധനകാ

ര്യമന്ത്രിയും സുപ്രീം കോടതി സീനിയർ അഭിഭാഷകനുമായ പി. ചിദംബരം, മുൻ നിയമമന്ത്രി കപിൽ സിബൽ, മുൻ സോളിസിറ്റർ ജനറൽ മോഹൻ പരാസരൻ തുടങ്ങിയവരായിരുന്നു ജയറാം രമേഷിനുവേണ്ടി കോടതിയിൽ ഹാജരായിരുന്നത്. കേസ് സുപ്രീം കോടതി മുൻപാകെ പരിഗണിക്കുന്ന വേളയിൽ അറ്റോർണി ജനറൽ മുകുൾ റോത്തഗി പ്രധാനമായും ഉയർത്തിയ വാദം, ഭരണഘടന ആർട്ടിക്കിൾ -110(3) പ്രകാരം ധനബില്ലിന്മേൽ ഉള്ള ലോകസഭാ സ്പീക്കറുടെ തീരുമാനം അന്തിമമായിരിക്കുമെന്നും തന്മൂലം സ്പീക്കർ കൈക്കൊണ്ട നടപടി കോടതിയിൽ ചോദ്യം ചെയ്യാൻ സാധിക്കില്ല എന്നുമായിരുന്നു. എന്നാൽ ഈ വാദത്തെ എതിർത്തുകൊണ്ട്, ആധാർ ബിൽ ധനബില്ലായി അവതരിപ്പിച്ചത് അധികാര ദുർവിനിയോഗമായതുകൊണ്ടും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കും രാജ്യത്തിന്റെ നിയമവ്യവസ്ഥിതിക്കും എതിരായതുകൊണ്ടും പ്രസ്തുത നടപടിക്ക് കോടതി മുമ്പാകെ ഉള്ള പുനഃപരിശോധനക്ക് അവകാശമുണ്ടെന്നാണ് പരാതിക്കാരനുവേണ്ടി പി. ചിദംബരം സുപ്രീം കോടതിയിൽ വാദിച്ചത്. എപ്രിൽ 25 ന് പി. ചിദംബരത്തിന്റെ വാദത്തിന് അടിസ്ഥാനമുണ്ടെന്ന് പറഞ്ഞ കോടതി കേസ് ഫയലിൽ സ്വീകരിക്കുകയും വിശാലമായ ബെഞ്ചിന് കേസ് കൈമാറുകയും ചെയ്തു. ഭരണഘടനാഅനുഛേദം -110(3) പ്രകാരം സ്പീക്കർക്ക് ധനബില്ലിന്മേൽ സാക്ഷ്യപ്പെടുത്താൻ മാത്രമെ അധികാരം ഉള്ളുവെന്നുള്ളതായിരുന്നു പരാതിക്കാരന്റെ മറ്റൊരു സുപ്രധാന വാദം. അനുഛേദം 110(3) പ്രകാരം ധനബിൽ എന്നത് 'നികുതി സംബന്ധമായ നിയന്ത്രണത്തിനോ അല്ലെങ്കിൽ നികുതി ചുമത്തൽ, ഒഴിവാക്കൽ, പിരിച്ചെടുക്കൽ തുടങ്ങിയവക്കോ അല്ലെങ്കിൽ വായ്പ തീർക്കുന്നതിനോ അല്ലെങ്കിൽ സഞ്ചിതനിധി (Consolidated Fund) യുടെ മറ്റേതെങ്കിലും ആവശ്യത്തിനോ ഉള്ളതായിരിക്കണം'. എന്നാൽ ഇവയിൽ നിന്നും വിരുദ്ധമായി, സർക്കാർ ക്ഷേമപദ്ധതികളുടെ കൃത്യമായ വിതരണത്തിനുവേണ്ടി മാത്രമല്ല ആധാറിന്റെ പേരിലുള്ള വിവരശേഖരണം എന്നുള്ളത് സമീപകാലങ്ങളിലെ കേന്ദ്ര സർക്കാരിന്റെ വിവിധ വിജ്ഞാപനങ്ങളിൽ നിന്ന് നമുക്ക് വായിച്ചെടുക്കാവുന്നതാണ്.

> ആധാർ ബിൽ ധനബില്ലായി അവതരിപ്പിച്ചത് അധികാര ദുർവിനിയോഗമായതുകൊണ്ടും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കും രാജ്യത്തിന്റെ നിയമവ്യവസ്ഥിതിക്കും എതിരായതുകൊണ്ടും പ്രസ്തുത നടപടി കോടതി മുമ്പാകെ ഉള്ള പുനഃപരിശോധനക്ക് അവകാശമുണ്ടെന്നാണ് പരാതിക്കാരനുവേണ്ടി പി. ചിദംബരം കോടതി മുമ്പാകെ വാദിച്ചത്. എപ്രിൽ 25 ന് പി. ചിദംബരത്തിന്റെ വാദത്തിന് അടിസ്ഥാനമുണ്ടെന്ന് പറഞ്ഞ കോടതി കേസ് ഫയലിൽ സ്വീകരിക്കുകയും വിശാലമായ ബെഞ്ചിന് കേസ് കൈമാറുകയും ചെയ്തു.


## വിശ്വസ്തരായ സുഹൃത്തുക്കൾ

ലോകസഭയിൽ ധനമന്ത്രി അരുൺ ജെയ്റ്റ്ലി ആധാർ ബില്ല് ധനബില്ലായി അവതരിപ്പിച്ചത് ഒട്ടും യാദൃശ്ചികമല്ല എന്നുകാണാം. വ്യത്യസ്തങ്ങളായ നിരീക്ഷണപദ്ധതികൾക്ക് ലോക ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന പ്രാധാന്യമാണ് ഇതിലൂടെ വെളിവാകുന്നത്. എന്നാൽ ധനകാര്യവകുപ്പ് മന്ത്രി അരുൺ ജെയ്റ്റ്ലിക്ക് മുൻപേതന്നെ IMF ന്റെ വിശ്വസ്തനായ സുഹൃത്തായിരുന്നു മുൻ കേന്ദ്രമന്ത്രിയും നിലവിലെ പ്രസിഡണ്ടുമായ പ്രണബ് മുഖർജി. ആധാറുമായി ബന്ധപ്പെട്ട പ്രഖ്യാപനം 2009-2010 ലെ ബഡ്ജറ്റ് അവതരണവേളയിൽ നടത്തിയതിനു ശേഷം അതിശയിപ്പിക്കുന്ന വേഗതയിലാണ് UIDAI (Unique Identification Authority of India) പദ്ധതിക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ധനമന്ത്രാലയം ഒരുക്കി കൊടുത്തത്. മുമ്പൊരിക്കലും കാണാത്ത ഈ അത്യുത്സാഹം എന്തുകൊണ്ടായിരിക്കും ഇക്കാര്യത്തിൽ ധനമന്ത്രാലയം എടുത്തത്. എന്നതിനുള്ള ഉത്തരമാണ് 1979 മുതൽ 1989 വരെയുള്ള IMF ന്റെ പ്രവർത്തനരേഖകൾ. Silent Revolution : The International Monitary Fund 1979 to 1989 എന്ന കൃതിയിൽ വികസ്വര രാജ്യങ്ങളിലെ IMF ന്റെ ഇടപെടലുകളെപ്പറ്റി IMFചരിത്രകാരനും സാമ്പത്തിക വിദഗ്ധനുമായി James M Boughton വിവരിക്കുന്നുണ്ട്. അതോടൊപ്പം 1982-85 കാലഘട്ടത്തിൽ ഇന്ത്യൻ ധനമന്ത്രിയായിരുന്ന പ്രണബ് മുഖർജിക്ക് IMFമായിരുണ്ടായിരുന്ന അടുത്ത ബന്ധത്തെക്കുറിച്ചും പ്രസ്തുത കൃതിയിൽ അദ്ദേഹം വിവരിക്കു

⇨ ഇത്തരം വിജ്ഞാപനങ്ങൾ ആധാറുമായി ബന്ധപ്പെട്ട സുപ്രീംകോടതി ഇടക്കാലവിധിയുടെ ഗുരുതരമായ ലംഘനമാണ് ⇨

ന്നു. ധനമന്ത്രിയായിരുന്ന കാലഘട്ടങ്ങളി ലെല്ലാം തന്നെ (1982–85) (2009 –2012) IMF ന്റെ വാർഷിക സമ്മേളനങ്ങളിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചിരുന്നത് പ്രണബ് മുഖർജിയായിരുന്നു. കൂടാതെ മേൽസൂചിപ്പിച്ച കാലഘട്ടങ്ങളിൽ IMFന്റെ ബോർഡ് ഓഫ് ഡയറക്റ്റേഴ്സിലും അംഗമാ യിരുന്നു അദ്ദേഹം. 2009–2010 ബഡ്ജറ്റ് പ്രഖ്യാപനത്തിന് നാലുദിവസത്തിനുശേഷം ജനുവരി മാസം 28–ാം തിയ്യതി കേന്ദ്ര ആസൂ ത്രണ കമ്മീഷൻ UIDAI മായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിച്ചു. പിന്നീട് 2011 മെയ്മാസം 10–ാം തിയ്യതി NEGP (National e-Governance Plan) യ്ക്കു കീഴിൽ ലോക ബാങ്കുമായി 150 മില്യൺ അമേരിക്കൻ ഡോളറിന്റെ വായ്പ കരാറിലാണ് ഇന്ത്യൻ സർക്കാർ ഒപ്പുവെക്കുന്നത്. രാജ്യത്തെ ഭരണ സംവിധാനങ്ങളുടെ കംപ്യൂട്ടർവത്ക്കരണവു മായി ബന്ധപ്പെട്ട് 2006 മെയിൽ ഒന്നാം യുപിഎ സർക്കാർ ആരംഭിച്ച പദ്ധതിയായി രുന്നു NEGP (National e-Governance Plan). ഇന്ത്യൻ ധനകാര്യമന്ത്രിമാർ എത്രമാത്രം ലോകധനകാര്യസ്ഥാപനങ്ങളുടെ ഇംഗിത ത്തിനനുസരിച്ച് പ്രവർത്തിച്ചുവെന്ന് മേൽപ റഞ്ഞ രേഖകളിൽ നിന്ന് വ്യക്തമാണ്. തുടർന്ന് ഇൻഫോസിസ് എന്ന അന്താ രാഷ്ട്ര ഐ.ടി. കമ്പനിയുടെ സ്ഥാപകരി ലൊരാളായ നന്ദൻ നിലഗേനിയെ UIDAI യുടെ ചെയർമാനായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം ജൂലൈ 2 ന് പുറത്തുവ ന്നിരുന്നു. ശേഷം 2011–2012 ബഡ്ജറ്റ് അവത രണവേളയിൽ നന്ദൻ നിലഗേനിയെ TAGUP (Technology Advisory Group for Unique Project) ന്റെ തലവനായി നിയമിച്ചതായി ധനമന്ത്രി ലോകസഭയെ അറിയിച്ചു. ലാഭം മാത്രം ലക്ഷ്യമിട്ട് അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന ഒരു ഐ.ടി. സ്ഥാപന ത്തിന്റെ തലപ്പത്തിരിക്കുന്ന ഒരു വ്യക്തി രാജ്യത്തെ പൗരന്മാരുടെ സ്വകാര്യതയെയും വ്യക്തി സ്വാതന്ത്ര്യത്തെയും എങ്ങിനെ യെല്ലാം പരിഗണിക്കുമെന്ന് ആലോചിക്കാവു ന്നതേയുള്ളൂ.

ബയോമെട്രിക് വിവരങ്ങൾ എന്നത് വിവ രസാങ്കേതിക വ്യവസായത്തിന് സ്വർണ്ണഖനി പോലെയാണ്. അതായത് 1.2 ബില്യൺ ജന ങ്ങളുടെ വ്യക്തിപരവും ജീവശാസ്ത്രപരവു മായ വിവരങ്ങൾ ഒരു കേന്ദ്രീകൃത ഏജൻസി വഴി ലഭ്യമാകുക എന്നത് ഡാറ്റ ബ്രോക്ക റിംഗ് എന്ന പുതിയ കച്ചവടത്തെ സംബ ന്ധിച്ചടത്തോളം സ്വപ്നതുല്യമായ കാര്യമാ ണ്. ബയോമെട്രിക് വിരശേഖരണ ഉപകരണ ങ്ങൾക്കുവേണ്ടി ഓരോ കൊല്ലവും കോടിക ളാണ് പ്രസ്തുത മേഖലയിലെ ഉപകരണ നിർമ്മാതാക്കൾ ചിലവിടുന്നത്. 2013 യു.എ



കടപ്പാട്: ദി ഹിന്ദു

സ്. സെനറ്റിലെ വിശദീകരണ വേളയിൽ Commerce, Science, Transportation കമ്മറ്റിയുടെ തലവനായ John D Rock Teller പറഞ്ഞത് 2012 ൽ മാത്രം Data Brokering Industry 156 ബില്യൺ ഡോളറിന്റെ ലാഭമുണ്ടാക്കി എന്നാണ്. ഈ തുക അമേരിക്കൻ സർക്കാർ പ്രതിരോധത്തിനായി ചെലവഴിക്കുന്ന തുകയെക്കാൾ വലുതായിരുന്നു.

ആധാർ പദ്ധതിയുടെ പ്രധാന നടത്തിപ്പുകാരായിട്ടുള്ള കമ്പനികൾ എല്ലാം തന്നെ അമേരിക്കൻ, ഫ്രഞ്ച് ഐ.ടി. ഭീമന്മാരാണ്. ഇന്ത്യൻ സർക്കാരുമായി ആധാറുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പിട്ടിരിക്കുന്നത് താഴെ പറയുന്ന കമ്പനികളാണ്.

1. L.I. Identity Solution
2. Accenture services Pvt. Ltd of Us
3. Satyam Computers/Sagem Morpho
4. E. & Y (Ernest & Young)

ഇതിനിടയിൽ 2010 നവംബറിലാണ് ഇറ്റലിയിലെ മിലാനിൽ നടന്ന ID world ൽ UIDAI ചെയർമാനായ നന്ദൻ നിലഗേനിക്ക് ID Lime Light അവാർഡ് ലഭിക്കുന്നത്. അതിശയിപ്പിക്കുന്ന വസ്തുത Safran Morpho എന്ന അന്താരാഷ്ട്ര ഐ.ടി. കമ്പനിയായിരുന്നു ഈ അന്താരാഷ്ട്ര സമ്മേളനത്തിന്റെ പ്രധാന സ്പോൺസർമാർ. Safran Morpho യുടെ ഉപസ്ഥാപനമായ Safran Sagem Morpho Pvt Ltd നു UIDAI യുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കരാറുകൾ ലഭിച്ചത് എങ്ങനെയെന്ന് ഇതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

എന്തുകൊണ്ടാണ് അമേരിക്കൻ കമ്പനികളെ നമ്മൾ ഇത്രക്ക് ഭയപ്പെടുന്നത്? American Patriot Act ഇതിന് ഉത്തരം നൽകുന്നുണ്ട്. Patriot Act പ്രകാരം ദേശസുരക്ഷയുടെ ഭാഗമായി തങ്ങളുടെ പക്കലുള്ള ഇലക്ട്രോണിക് ഡാറ്റാ വിവരങ്ങൾ അമേരിക്കൻ സർക്കാരിനുനൽകാൻ അവിടത്തെ കമ്പനികൾ ബാധ്യസ്ഥരാണ്. ഇതെല്ലാം മറച്ചുപിടിച്ച് കൊണ്ടാണ് UIDAI ആധാറുമായി ബന്ധപ്പെട്ട കരാർ രേഖകൾ രാജ്യസുരക്ഷയുടെ പേരുപറഞ്ഞ് വിവരാവകാശ പ്രവർത്തകർക്ക് നിരാകരിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ലഭ്യമായ കരാർ രേഖകളുടെ അടിസ്ഥാനത്തിൽ UIDAI യുമായി കരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങൾക്ക് CIDR ഡാറ്റാബാങ്ക് നിയമാനുസൃതമായി ഉപയോഗിക്കാവുന്നതാണ്.

**നോക്കുകുത്തിയാകുന്ന നിയമം**

കേന്ദ്രസർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കും മറ്റു ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയും ആധാർ നമ്പർ നിർബന്ധമാക്കിക്കൊണ്ടുള്ള നിരവധി വിജ്ഞാപനങ്ങൾ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും കഴിഞ്ഞ നാളുകളിൽ വരികയുണ്ടായി. സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭിക്കുവാൻ ആധാർ നമ്പർ നിർബന്ധമാക്കിക്കൊണ്ടുള്ള മാനവവിഭവശേഷി മന്ത്രാലയത്തിന്റെ വിജ്ഞാപനമായിരുന്നു ഏറ്റവും ഒടുവിലത്തേത്. എന്നാൽ ഇത്തരം വിജ്ഞാപനങ്ങൾ ആധാറുമായി ബന്ധപ്പെട്ട സുപ്രീംകോടതി ഇടക്കാലവിധിയുടെ ഗുരുതരമായ ലംഘനമാണ്.

Justies Puttaswamy(Retd.) & Another V Union of India (Writ Petition (civil) No. 494, of 2012) എന്ന കേസിലാണ് ഭക്ഷ്യധാന്യങ്ങളുടെയും പാചകത്തിനാവശ്യമായ മണ്ണെണ്ണയും പൊതുവിതരണത്തിനും പാചകവാതക വിതരണത്തിനും ഒഴികെ മറ്റൊരു പദ്ധതിക്കും വേണ്ടി ആധാർ നിർബന്ധമാക്കാൻ പാടില്ല എന്ന് ബഹു. സുപ്രീം കോടതി നിഷ്കർഷിച്ചത്. അതോടൊപ്പം രാജ്യത്തെ ജനങ്ങൾ നിർബന്ധപൂർവ്വം ആധാർ എടുക്കേണ്ടതില്ല എന്നുള്ളത് വിവിധ ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കണമെന്നും, മറ്റൊരു ആവശ്യങ്ങൾക്കുവേണ്ടിയും ആധാർ വിവരങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല എന്നും ജസ്റ്റിസ് ചലമേശ്വർ അടങ്ങുന്ന മൂന്നംഗ ഡിവിഷൻ ബെഞ്ച് വിധിക്കുകയുണ്ടായി.

സ്വകാര്യതയുമായി ബന്ധപ്പെട്ട് അറ്റോർണി ജനറൽ മുകുൾ റോത്തഗി ഉയർത്തിയ വാദങ്ങളിലെ ഭരണഘടനാ പ്രതിസന്ധി തീർക്കുന്നതിനുവേണ്ടി പ്രസ്തുത കേസ് അഞ്ചംഗ ഭരണഘടന ബെഞ്ചിനു നിർദ്ദേശിച്ച കോടതി ഡിവിഷൻ ബെഞ്ചിന്റെ നിലവിലെ വിധി ഭരണഘടന ബെഞ്ചിന്റെ വിധി വരുന്നതുവരെ അന്തിമമായിരിക്കും എന്നും നിരീക്ഷിച്ചു. ഈ വിധിയുടെ പുനഃപരിശോധനയ്ക്കായി RBI, SEBI, TRAI, IRDA, Pension Regulatory Authority, എന്നിവയും ഗുജറാത്ത്, ജാർഖണ്ഡ്, തുടങ്ങിയ സംസ്ഥാനങ്ങളും 2015 ൽ ജെ. ചലമേശ്വർ, എസ്.എ. ബോഡേ, ജെ. നാഗപ്പൻ എന്നിവർ അടങ്ങുന്ന ബെഞ്ചിൽ സമർപ്പിച്ച പുനഃപരിശോധനാഹർജി കോടതി തള്ളുകയാണുണ്ടായത്.

ആഗസ്റ്റ് 11 ലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ എൻ.പി.ആറും (NPR) ആധാറും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി മാത്രമാണ് കേന്ദ്ര സർക്കാർ ഔദ്യോഗിക

വിജ്ഞാപനത്തിലൂടെ നിർത്തലാക്കിയത്. സുപ്രീം കോടതിവിധിയെ പാടെ തഴഞ്ഞു കൊണ്ട് ആധാറുമായി ബന്ധപ്പെട്ട വിവിധ വിജ്ഞാപനങ്ങൾ വിവിധ മന്ത്രാലയങ്ങൾ നിരന്തരം പുറപ്പെടുവിച്ച് കൊണ്ടിരുന്നു.

കേന്ദ്രസർക്കാർ ആധാർ വിഷയവുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന കോടതി അലക്ഷ്യത്തിനുപുറമേ ആയിരുന്നു ഇന്ത്യയിലെ സുപ്രധാന ടെലികോം സേവനദാതാക്കൾക്ക് ആധാർ വിവരങ്ങൾ പിൻവാതിലിലൂടെ ശേഖരിക്കാൻ അനുവാദം നൽകിയത്. റിലയൻസ് ജിയോയുമായി ബന്ധപ്പെട്ട മീറ്റിങ്ങിലാണ് മുകേഷ് അംബാനി റിലയൻസി ജിയോ നെറ്റ്വർക്കിന് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ 100 മില്യൺ ഉപഭോക്താക്കളെ ലഭിച്ചുവെന്ന് പ്രഖ്യാപിച്ചത്. ഈ ഒരു നേട്ടത്തിൽ ആധാർ വഹിച്ച പങ്ക് ചെറുതല്ലാത്തതായിരുന്നു. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം വളരെ ലളിതമായ നടപടി ക്രമങ്ങളിലൂടെ സൗജന്യ ഇന്റർനെറ്റ് സേവനം ലഭിക്കുക എന്നുള്ളതായിരുന്നു പ്രധാനം.

എന്നാൽ ഇത്തരത്തിൽ UIDAI അതോറിറ്റിക്ക് പുറമെ വേറൊരു വ്യക്തിയോ സ്ഥാപനമോ CIDR Data ഉപയോഗിക്കുന്നത് Unique Identification Authority of India Vs Central Bureau of Investigation എന്ന കേസിലെ സ്പെഷ്യൽ ലീവ് പെറ്റീഷനിൽ സുപ്രീം കോടതി നടത്തിയ ഇടക്കാല വിധിയുടെ നഗ്നമായ ലംഘനമാണ്. പ്രസ്തുത വിധി പ്രകാരം ഒരു വ്യക്തിയുടെ ബയോമെട്രിക് ഡാറ്റാ വിവരങ്ങൾ ആ വ്യക്തിയുടെ രേഖാമൂലമുള്ള സമ്മതം കൂടാതെ മറ്റൊരു വ്യക്തിക്കോ, സ്ഥാപനത്തിനോ കൈമാറാൻ പാടില്ലാത്തതാണ്. എന്നാൽ ഈ സുപ്രീം കോടതി വിധിയെ പാടെ തിരസ്കരിച്ചുകൊണ്ടാണ് റിലയൻസ് അടക്കമുള്ള ടെലികോം സേവനദാതാക്കൾ പുതിയ ഉപഭോക്താവിനെ കണ്ടെത്തിക്കൊണ്ടിരിക്കുന്നത്.

നിയമപരമായ ഇത്തരം പ്രതിസന്ധി TRAI (Telecom Regulatory Authority of India) മുന്നിൽ കണ്ടിരുന്നതുകൊണ്ടു തന്നെയാണ് മൊബൈൽ സേവനദാതാക്കൾക്കുവേണ്ടി 2015 ആഗസ്റ്റ് 11 ലെ ഇടക്കാല വിധി പുനഃപരിശോധിക്കുവാൻ സുപ്രീം കോടതിയെ സമീപിച്ചത്. ഇതുകൂടാതെ നിലവിലെ ആധാർ ആക്ടിന്റെ ലംഘനം കൂടെയാണ് കേന്ദ്രസർക്കാരും -മൊബൈൽ കമ്പനികളും നടത്തിക്കൊണ്ടിരിക്കുന്നത്. ആധാർ ആക്ടിന്റെ 57-ാം വകുപ്പ്പ്രകാരം നിയമാനുസൃതമായ രീതിയിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ CIDR (Central Identity Data Repisitory) ഡാറ്റ ശേഖരിക്കാവുന്നതാണ്, ഒപ്പം വ്യക്തികളുടെ സമ്മതം (Individual consent), വിവരങ്ങളുടെ രഹസ്യസ്വഭാവം (Confidentiality of Information) എന്നിവയെകുറിച്ച് യഥാക്രമം വിവരിക്കുന്ന സെക്ഷൻ -8, അധ്യായം-6 (Chapter-6) തുടങ്ങിയവക്ക് അനുസൃതമായിട്ട് ആയിരിക്കണം വിവര കൈമാറ്റം എന്നും പ്രസ്തുത നിയമം പറയുന്നുണ്ട്. വിവര കൈമാറ്റത്തിന്റെ നിയന്ത്രണവുമായി ബന്ധപ്പെട്ട റെഗുലേഷൻ 6(2) പ്രകാരം വ്യക്തിയുടെ രേഖാമൂലമുള്ള സമ്മതം കൂടാതെ മറ്റൊരു വ്യക്തിക്കോ സ്ഥാപനത്തിനോ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാൻ സാധിക്കുന്നതല്ല.

അഴിമതിവിരുദ്ധ മുദ്രാവാക്യവുമായി 2013 -ൽ അധികാരത്തിലെത്തിയ നരേന്ദ്രമോദി സർക്കാർ ആധാർ പദ്ധതിയിലൂടെ രാജ്യത്തിന്റെ പരമാധികാരത്തെയും പൗരന്റെ സ്വകാര്യതയേയും ഒരു കൂട്ടം ബഹുരാഷ്ട്ര കുത്തകകളുടെ കൈകളിൽ ഏൽപ്പിച്ചിരിക്കുന്നു. ഡിജിറ്റലൈസ് ചെയ്യപ്പെട്ട സ്വത്വത്തിലൂടെ ആയിരിക്കും വരുംനാളുകളിൽ ഭരണകൂടങ്ങൾ തങ്ങളുടെ പൗരന്മാരോട് സംവദിക്കുക. വ്യക്തിയുടെ സ്വകാര്യത മറ്റേതു സ്വാതന്ത്ര്യത്തോളമോ അതിലേറെയോ പ്രധാനമാണെന്ന് പുരോഗമന ജനാധിപത്യ സമൂഹങ്ങൾ എല്ലാംതന്നെ അംഗീകരിച്ച വസ്തുതയാണ്. അധികാരത്തിന്റെ മത്തുപിടിച്ച ഏകാധിപതികൾ എക്കാലവും തങ്ങളുടെ രാജ്യത്തെ പൗരന്മാരെ സകല വഴികളിലൂടെയും നിരീക്ഷിച്ചിരുന്നു. ബയോ മെട്രിക് ഡാറ്റാ ശേഖരണമടക്കമുള്ള പദ്ധതികളിലൂടെ ലോകഭരണകൂടങ്ങൾ തുറസ്സായ ജയിൽ എന്ന സാഹചര്യത്തിലേക്കാണ് തങ്ങളുടെ പ്രജകളെ നയിച്ചുകൊണ്ടിരിക്കുന്നത്. ഭരണകൂടത്തെ നിയന്ത്രിക്കുന്നതാകട്ടെ ഒരു കൂട്ടം അന്താരാഷ്ട്ര ഭീമൻമാരും.

മുതലാളിത്തം മാറുകയാണ്, 19-ാം നൂറ്റാണ്ടിലെ മുതലാളിത്തം വിവരസാങ്കേതിക വിദ്യയിലൂടെ വേഷപ്രച്ഛന്നനായി 21-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെടുന്ന വേളയിൽ, ആധാർ പദ്ധതിയുമായി ബന്ധപ്പെട്ട് രാജ്യത്തെ പൊതുസമൂഹവും വിശേഷാൽ ഇടതുപക്ഷ സമൂഹവും പിൻതുടരുന്ന ഭീമാകാരമൗനത്തിനു നൽകേണ്ടിവരുന്ന വില പ്രതീക്ഷിച്ചതിലും വലുതായിരിക്കും.

*(തൃശൂർ ഗവ. ലോ കോളേജിൽ നാലാം വർഷ നിയമവിദ്യാർത്ഥിയാണ് ലേഖകൻ. കടപ്പാട്: ഡ്യൂൾ ന്യൂസ്).* ■